പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6138** | **07.07.2014 ൽ മറുപടിയ്ക്ക്** |

**കൊണ്ടോട്ടി മണ്ഡലത്തിലെ അംഗൻവാടികൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ ; | (എ) അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനായി ഓരോ വർഷവും നിലവിലുള്ള പദ്ധതികൾക്ക് അനുസൃതമായി ഉത്തരവുകൾ ഇറക്കാറുണ്ട്. നിലവിൽ എം.എൽ.എ ഫണ്ടോടുകൂടിയുള്ള മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം, നബാർഡ്- ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണം എന്നിവയ്ക്ക് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് അനുമതിയായിട്ടുണ്ട് ; | (ബി) കൊണ്ടോട്ടി മണ്ഡലത്തിലെ ചുവടെ പറയുന്ന അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് അനുമതിയായിട്ടുണ്ട്.<br><br>ചെറുകാവ് ഗ്രാമപഞ്ചായത്ത് - സെന്റർ നം. 27,28<br>വാഴയൂർ ഗ്രാമപഞ്ചായത്ത് - സെന്റർ നം. 117,122,123,127,119<br>പുളിക്കൽ ഗ്രാമപഞ്ചായത്ത്- സെന്റർ നം. 10,26,32,33<br>നെടുയിരുപ്പ് ഗ്രാമപഞ്ചായത്ത്- സെന്റർ നം. 70<br>മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്- സെന്റർ നം. 107,109<br>വാഴക്കാട് ഗ്രാമപഞ്ചായത്ത്- സെന്റർ നം. 137 |
| (സി) കൊണ്ടോട്ടി മാതൃകാ അംഗൻവാടിക്ക് അനുമതിയായിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ; | (സി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ അംഗൻവാടി നം. 58-നെ മാതൃകാ അംഗൻവാടിയാക്കി ഉയർത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) അംഗൻവാടികൾക്കുള്ള കെട്ടിടം നിർമ്മിക്കുന്നതിന്റെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) സ്വന്തമായി ഭൂമി ഉള്ള അംഗൻവാടികൾക്ക് വിവിധ പദ്ധതികൾ മുഖേന ഫണ്ട് അനുവദിച്ച് പൊതുമരാമത്ത് വകുപ്പ്/തദ്ദേശ സ്വയംഭരണ വകുപ്പ്/അംഗൻവാടി ഗുണഭോക്തൃ സമിതി എന്നിവ മുഖേന കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

-67-

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് -സംയോജിത ശിശുവികസന സേവന പദ്ധതി- മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം- 26 അംഗൻവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ(സാധാ) നം. 39/2013/സാനീവ** **തീയതി, തിരുവനന്തപുരം, 07/02/2013**

---

**പരാമർശം :** 1) സ.ഉ(സാധാ)നം. 23/12/സാക്ഷേവ തീയതി 16.01.2012.
2) സ.ഉ(സാധാ)നം. 241/12/സാക്ഷേവ തീയതി 14.05.2012.
3) സ.ഉ(സാധാ)നം. 563/12/സാനീവ തീയതി 24.12.2012.
4) സാമൂഹ്യനീതിവകുപ്പു ഡയറക്ടറുടെ 1.2.2013 ലെ ഐ.സി.ഡി.എസ്/എ2-25945/11 നമ്പർ കത്ത്.

**ഉത്തരവ്**

ഒരു നിയോജകമണ്ഡലത്തിൽ ഒരു അംഗൻവാടി വീതം മാതൃകാ അംഗൻവാടിയാക്കി മാറ്റുന്നതിനും 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 22535-02-102-69(പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന് 50% കേന്ദ്ര സഹായമായി അനുവദിച്ചിട്ടുള്ള 5452.49 ലക്ഷം രൂപ സാമൂഹ്യനീതിഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (നം:14907) നിക്ഷേപിക്കുന്നതിനും ടി തുക ഉപയോഗിച്ച് മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിനുമുള്ള അനുമതി പരാമർശം (1) പ്രകാരം നൽകുകയുണ്ടായി.

2. വിവിധ സ്ഥലങ്ങളിൽ എം.എൽ.എ മാർ ശുപാർശ ചെയ്തിട്ടുള്ള 31 അംഗൻവാടികൾക്ക് നിശ്ചിത പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നതിനും, ടി അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കി മാറ്റുന്നതിനുമുള്ള അനുമതിയും പരാമർശം (2) പ്രകാരം നൽകുകയുണ്ടായി. കൂടാതെ സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയും ബന്ധപ്പെട്ട എം.എൽ.എ മാരുടെ എസ്.ഡി.എഫ് ഉം വിനിയോഗിച്ച് ഒരു അംഗൻവാടിക്ക് 23.75 ലക്ഷം രൂപ നിരക്കിൽ 31 അംഗൻവാടികളുടെ നിർമ്മാണത്തിന് ഭരണാനുമതിയും, ടി നിർമ്മാണ പ്രവർത്തനം 'കിറ്റ്കോ'- യെ ഏൽപ്പിക്കുന്നതിനുള്ള അനുമതിയും പരാമർശം (3) പ്രകാരം നൽകുകയുണ്ടായി.

3. സംസ്ഥാനത്തിന്റെ വിവിധ നിയോജകമണ്ഡലങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എ മാരുടെ ശുപാർശയോടൊപ്പം കുറഞ്ഞത് 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ള 26 അംഗൻവാടികളെ കൂടി മാതൃകാ അംഗൻവാടികളാക്കി മാറ്റുന്നതിനായുള്ള നിർദ്ദേശം ഭരണാനുമതിയ്ക്കായി പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി 14907 നമ്പർ അക്കൗണ്ടിൽ ബാക്കിയുള്ള തുകയും ബന്ധപ്പെട്ട എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടും വിനിയോഗിച്ച് ഒരു അംഗൻവാടിക്ക് 23.75 ലക്ഷം രൂപ ( ഇരുപത്തി മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) നിരക്കിൽ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 26 അംഗൻവാടികൾ കൂടി മാതൃകാ അംഗൻവാടികളാക്കി നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
ഗോവിന്ദൻ നമ്പൂതിരി.വി.എസ്,
**അഡീഷണൽ സെക്രട്ടറി**

**സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.**
ധനകാര്യ വകുപ്പ്.(3521/വെ.വി3/13/ധന തീയതി 1.2.2013)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

**മോഡൽ അംഗൻവാടി കെട്ടിടം - [illegible]**

| | MLA | ICDS | ഗ്രാമ പഞ്ചായത്ത്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി | AWC No. | സർവ്വെ നമ്പർ |
|---|---|---|---|---|---|
| **തിരുവനന്തപുരം ജില്ല** | | | | | |
| 1 | ശ്രീ. വി. ശശി. (ചിറയിൻകീഴ്) | പോത്തൻകോട് | അഴൂർ ഗ്രാമ പഞ്ചായത്ത് | 154 | 22/35 |
| 2 | ശ്രീ.ജമീലാ പ്രകാശം ( കോവളം) | പാറശ്ശാല | പൂവാർ പഞ്ചായത്ത് | 2 | 10/12 |
| 3 | ശ്രീ.kമുരളീധരൻ ( വട്ടിയൂർക്കാവ്) | വട്ടിയൂർക്കാവ് റൂറൽ | വട്ടിയൂർക്കാവ് | 20 | 361/ 97.866 |
| 4 | ശ്രീ. എൻ. ശക്തൻ (ഡെപ്യൂട്ടി സ്പീക്കർ) | നേമം (Addl) | വിളപ്പിൽ പഞ്ചായത്ത് | 91 | 173/8-1 |
| **കൊല്ലം ജില്ല** | | | | | |
| 5 | ശ്രീ. കെ.ബി. ഗണേഷ് കുമാർ ( പത്തനാപുരം) | വെട്ടിക്കവല | മേലില പഞ്ചായത്ത് | 87 | 397/14 |
| 6 | കെ. രാജു (പുനലൂർ) | അഞ്ചൽ (Addl) | ഏരൂർ പഞ്ചായത്ത് | 92 | 587/13/ 42 |
| 7 | ശ്രീ. ഷിബു ബേബിജോൺ (ചവറ) | ചവറ | പന്മന | 107 | 63/1 |
| 8 | ശ്രീ. സി. ദിവാകരൻ കരുനാഗപ്പള്ളി | കരുനാഗപ്പള്ളി | കരുനാഗപ്പള്ളി | 9 | 128/16 |
| **ആലപ്പുഴ ജില്ല** | | | | | |
| 9 | ശ്രീ.പി.സി.വിഷ്ണുനാഥ് | മാവേലിക്കര | മാന്നാർ | 172 | 421/16-3 431/16 |
| 10 | ശ്രീ.തോമസ് ഐസക്ക് | ആര്യാട് | ആര്യാട് പഞ്ചായത്ത് | 4 | 303/2 |
| **എറണാകുളം ജില്ല** | | | | | |
| 11 | ശ്രീ. വി.പി. സജീന്ദ്രൻ | വടവുകോട് | പുത്യക്ക പഞ്ചായത്ത് | 135 | 167/9 |
| 12 | ശ്രീ. ഹൈബി ഈഡൻ | എറണാകുളം | ചേരാനല്ലൂർ | 15 | |
| **തൃശൂർ ജില്ല** | | | | | |
| 13 | ശ്രീ.ബാബു.എം.പാലിശ്ശേരി | ചൊവ്വന്നൂർ | വെള്ളറക്കാട് | 125 | 263/P 262/P |
| 14 | ശ്രീ. സുനിൽ കുമാർ | കൊടുങ്ങല്ലൂർ | ഏറിയാട് ഗ്രാമ പഞ്ചായത്ത് | 58 | 12/48/2 |
| 15 | ശ്രീ.ബി.ഡി.ദേവസ്സി | കൊടകര | കൊടകര പഞ്ചായത്ത് | 4 | 657 |
| **പാലക്കാട് ജില്ല** | | | | | |
| 16 | ശ്രീ. ചെന്താമരാക്ഷൻ (നെന്മാറ) | കൊല്ലംകോട് | പുതുനഗരം പഞ്ചായത്ത് | 24 | 281/8 |
| 17 | ശ്രീ. എ.കെ. ബാലൻ (തരൂർ/SC) | ആലത്തൂർ (Addl) | കണ്ണമ്പ്ര ഗ്രാമ പഞ്ചായത്ത് | 84 | 64/11 |
| **ഇടുക്കി ജില്ല** | | | | | |
| 18 | ശ്രീ. പി.ജെ. ജോസഫ് (തൊടുപുഴ) | തൊടുപുഴ | കരിക്കുന്നം പഞ്ചായതത് | 22 | 385/4-2 |

| | | | | | |
|---|---|---|---|---|---|
| 19 | ശ്രീ. കെ. ജയചന്ദ്രൻ (ഉടുമ്പൻചോല) | കട്ടപ്പന | വണ്ടന്മേട് ഗ്രാമ പഞ്ചായത്ത് | 58 | 118 |
| **കണ്ണൂർ ജില്ല** | | | | | |
| 20 | ശ്രീ. ജെയിംസ് മാത്യു (തളിപറമ്പ്) | എടക്കാട് (Addl) | കൊളച്ചേരി | 110 | 34/6 |
| 21 | ശ്രീ. കെ.സി ജോസഫ് (ഇരിക്കൂർ) | ഇരിക്കൂർ | എരുവശ്ശേരി | | റീ സർവ്വേ നം. 250.13 |
| **മലപ്പുറം ജില്ല** | | | | | |
| 22 | ശ്രീ. പി.കെ. ബഷീർ (എറനാട്) | അരീക്കോട് | എടവണ്ണ | 117 | 262/16 |
| 23 | ശ്രീ.കെ.മുഹമ്മദുണ്ണിഹാജി (കൊണ്ടോട്ടി) | കൊണ്ടോട്ടി | കൊണ്ടോട്ടി | 58 | B1 12 297/7 |
| 24 | അഡ്വ. കെ.എൻ.എ. ഖാദർ | തിരൂരങ്ങാടി (Addl) | തേഞ്ഞിപ്പാലം | 12 | 264/4 (Old) |
| 25 | ശ്രീ. പി.കെ. അബ്ദുറബ്ബ് | തിരൂരങ്ങാടി | പരപ്പനങ്ങാടി | 8 | 23/21 |
| 26 | ശ്രീ. മമ്മൂട്ടി (തിരൂർ) | തിരൂർ | വെട്ടം ഗ്രാമ പഞ്ചായത്ത് | 101 | |

സെക്ഷൻ ഓഫീസർ.